വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരുടെ തസ്തികകൾ

140 (2164) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരുടെ തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവരെയും സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചേർത്തല താലൂക്കിന്റെ കീഴിലുള്ള ഏതെല്ലാം വില്ലേജ് ഓഫീസുകളിലെ താൽക്കാലിക തൂപ്പുകാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥിരപ്പെടുത്തുവാൻ എല്ലാ അർഹതയുമുണ്ടായിട്ടും ജില്ലാ കളക്ടറേറ്റിൽ നിന്നും റെക്കാർഡുകൾ സമർപ്പിച്ചവരിൽ ഇനിയും ഒട്ടേറെപ്പേർക്ക് സ്ഥിരനിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവരെ ഉടനെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന കാര്യം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതും കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതും ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. നിലവിൽ കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുന്നത് 25-11-2005-ലെ ജി.ഒ.(പി) നം.501/05/ധന. 9-2-2010-ലെ ജി.ഒ.(പി)നം.61/10/ധന നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്.

(ബി) ചേർത്തല താലൂക്കിന്റെ കീഴിലുള്ള കുത്തിയതോട്, തുറവൂർ തെക്ക്, ചേർത്തല തെക്ക്, തണ്ണീർമുക്കം തെക്ക് എന്നീ വില്ലേജാഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. ആയതിൽ തണ്ണീർമുക്കം തെക്ക് വില്ലേജാഫീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. മറ്റുള്ള ആഫീസുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി&ഡി) ഇല്ല. ഈ വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അർഹമായ കേസുകളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly